# ആമുഖം

## പൊതു വിദ്യാലയങ്ങൾ – മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനില വാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാ ക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ കൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെപ്രധാന ലക്ഷ്യം. എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്നുറപ്പാണ്.

എല്ലാ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ചേനോളി എ എം എൽ പി സ്കൂൾ പി ടി എ , എം.പി.ടി.എ, അധ്യാപക സംഘം, രക്ഷിതാക്കൾ പൊതു സമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസവർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ചേനോളി എ.എം.എൽ.പി

മേൽവിലാസം: ചേനോളി

പേരാമ്പ്ര

കോഴിക്കോട്

ഫോൺ : 0496 2614120

സ്കൂൾ കോഡ് : 47638

വിദ്യാഭ്യാസ ജില്ല : താമരശ്ശേരി

ഉപജില്ല:പേരാമ്പ്ര

റവന്യൂ ജില്ല : കോഴിക്കോട്

പഞ്ചായത്ത് : നൊച്ചാട്

അധ്യാപകർ : 4

# ചേനോളി എ.എം.എൽ.പി സ്കൂൾ

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ പേരാമ്പ്ര ഉപജില്ലയിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ചേനോളി എന്ന മനോഹരമായ ഗ്രാമത്തിലാണ് ചേനോളി എ.എം.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 2011 ജൂൺ മുതൽ ചേനോളി മദ്രസാ കെട്ടിടത്തിൽ വാടകയ്ക്കാണ് ചേനോളി എ.എം.എൽ. പി സ്കൂൾ പ്രവർത്തിക്കുന്നത്. സാമൂഹികമായും സാമ്പത്തികമായും വളരെയധികം പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖലയായിരുന്ന പഴയ കല്പ്പത്തൂർ, രാമല്ലൂർ, വാല്യക്കോട്, ചേനോളി പ്രദേശങ്ങൾ എഴുത്തും വായനയും അറിയാവുന്നവർ അന്ന് സാധാരണ ജനങ്ങളുടെ ഇടയിൽ കുറവായിരുന്നു. ഈയൊരു സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ നിന്നും കൽപ്പത്തൂർ എത്തിയ വിദ്യാസമ്പന്നനും വിദ്യാഭ്യാസതൽപരനുമായിരുന്ന ശ്രീ കുഞ്ഞിരാമൻ എടുത്തച്ഛനായിരുന്നു ഈ പ്രദേശത്ത് ഒരു സ്കൂൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങിയത്.

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക .

*എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* ‘ഓരോ കുട്ടിയും ഒന്നാമനാണ്’ എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി. പ്രോത്സാഹവും ഉയർന്ന പരിശീലനവും ലഭ്യമാക്കും

* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യ മായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും .

* ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

* മാലിന്യമുക്ത വിദ്യാലയം. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായ നടപ്പിലാക്കൽ

*രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ മുൻ കരുതലുകൾ.

**<u>പോരായ്മകൾ</u>**

* പ്രവർത്തിപരിചയം, ഡ്രോയിംഗ് , മ്യൂസിക് എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകാൻ സഹായകരമാവുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ അഭാവം ഒരു ന്യൂനതയായി നിലനിൽക്കുന്നു. കൂടാതെ ഭൂരിഭാഗം കുട്ടികളും മുസ്ലിം കുട്ടികളാണെങ്കിലും അറബി പഠനത്തിന് ഒരു അറബി അദ്ധ്യാപകന്റെ കുറവുണ്ടെന്നതും ഒരു പരിമിതിയായി അനുഭവപ്പെടുന്നു.

* അമിതമായ ഇംഗ്ലീഷ് ഭ്രമം മൂലം അൺഎയ്ഡഡ് വിദ്യാലയങ്ങൾ തേടിപ്പോകുന്ന ചുരുക്കം ചിലയാളുകൾ വിദ്യാലയത്തിന്റെ പരിധിയിലുണ്ടെന്നതും സങ്കടകരമാണ്.

**<u>ലക്ഷ്യങ്ങൾ</u>**

**<u>ഭാഷാവികസനം</u>**

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.

* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക

* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക .

* മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

* സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.

* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക

## പരിസരപഠനം

* ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

* ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

* ജനാധിപത്യ വേദികൾ ഒരുക്കുക.

* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ.

<u>ഗണിതം</u>

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.

<u>ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ</u>

* വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക

* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

<u>പ്രവൃത്തിപരിചയം</u>

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

* ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

<u>കലാപരിശീലനം</u>

* കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ കണ്ടെത്തുക

* കലാഭിരുചി വളർത്തുക.

* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

**ആരോഗ്യ കായിക വിദ്യാഭ്യാസം**

* മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.

* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

* ആരോഗ്യ ശീലങ്ങൾ വളർത്തുക.

* ആരോഗ്യ - കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

* ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക .

**അക്കാദമിക - ഭൗതിക നേട്ടങ്ങൾ - പരിമിതികൾ**

**നേട്ടങ്ങൾ**

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം

* മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം

* ' ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി ' കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.

* കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായിക പഠനം എന്നിവക്ക് പ്രത്യേക പരിശീലനം

**<u>പരിമിതികൾ</u>**

* മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി , ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

* വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ് വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.

* മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

* കുട്ടികളുടെ പഠന പിന്നോക്കാ വസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് .

# അക്കാദമിക് പ്ലാൻ മലയാളം

## ലക്ഷ്യം

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

* കുട്ടിയെ മികച്ച വായനക്കാരക്കുക.

## പ്രവർത്തനങ്ങൾ

* പ്രീ ടെസ്റ്റ്

* അക്ഷരം ഉറപ്പിക്കൽ

* അടയാളം ഉറപ്പിക്കൽ അക്ഷരക്കാർഡ്

* വാക്കുൾ നിർമ്മിക്കുക

* വാക്യങ്ങൾ നിർമ്മിക്കൽ

* ചിത്രം അടിക്കുറിപ്പ്

* ചിത്രം കഥ പറയൽ

* കഥ -ബാക്കി എഴുതൽ

* കഥാ പുസ്തകം നൽകൽ

* ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്

* ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

* സമീപ ഗ്രന്ഥശാല അംഗത്വം

* പത്രവായന

* അമ്മവായന

* വിദ്യാരംഗം കലാ - സാഹിത്യ പ്രവർത്തനം

* ദിനാചരണങ്ങൾ

**സമയം**

* ജൂൺ
മുതൽ മാർച്ച് വരെ

**ഭൗതികം**

* പുസ്തകങ്ങൾ

* ക്ലാസ് ലൈബ്രറി

* സ്കൂൾ ലൈബ്രറി

* ഗ്രന്ഥശാല

* പത്രങ്ങൾ

**<u>പിന്തുണ</u>**

* പി.ടി.എ

* എസ്.ആർ.ജി

* ലൈബ്രറി

* പി ടി എ

* എസ് ആർ ജി
അക്കാദമിക് പ്ലാൻ ഗണിതം

ലക്ഷ്യം

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന്

പ്രവർത്തനങ്ങൾ

എണ്ണിയെടുക്കലും അക്കങ്ങൾ എഴുതലും

സ്ഥാനവില ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകൽ
സംഖ്യാ ബോധം ഉറപ്പിക്കൻ ഗണിതചിത്രങ്ങൾ പരിചയപ്പെടുത്തൽ
ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ
സംഖ്യകൾ കൂട്ടിച്ചേർക്കൽ

സംഖ്യകൾ എടുത്തുമാറ്റൽ

സമയം

ജൂൺ മുതൽ മാർച്ച് വരെ

പിന്തുണ

അക്കാദമിക് പ്ലാൻ - പരിസരപഠനം

ലക്ഷ്യം

1 മുതൽ 4 വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കലും പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നതിനും

പ്രവർത്തനങ്ങൾ

പരീക്ഷണ ശിൽപശല

ശേഖരണം

ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിൽ വാങ്ങി ലൈബ്രറിയിൽ സൂക്ഷിക്കുന്നു. പ്ലാസ്റ്റിക് രഹിത സ്കൂൾ

ഫീൽഡ് ട്രിപ്പ്

സമയം

ജൂലൈ മുതൽ ഫെബ്രുവരി

പിന്തുണ

പി ടി എ